(സി) ഇത്തരത്തിൽ കണ്ടെത്തിയ ജഡങ്ങളിൽ എത്രയെണ്ണം കൊമ്പനാനകളുടേതായിരുന്നു ;

(ഡി) അവയ്ക്ക് കൊമ്പ് ഉണ്ടായിരുന്നുവോ ;

(ഇ) ഇല്ലാത്തപക്ഷം ആയത് സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോ ;

(എഫ്) ഇക്കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ഇപ്രകാരമുള്ള എത്ര കേസ്സുകൾ എടുത്തിട്ടുണ്ട് എന്നും പ്രസ്തുത കേസുകളിലെ പ്രതികളെ പിടികിട്ടിയിട്ടുണ്ടോ എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ആകെ 96 ആനകളുടെ ജഡങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. പരിശോധനയിൽ ഇതിൽ 12 എണ്ണം കൊല്ലപ്പെട്ടതും 25 എണ്ണം അപകട മരണങ്ങളും 59 എണ്ണം സ്വഭാവിക മരണവും സംഭവിച്ചിട്ടുള്ളതുമാണ്.

(സി) 46 എണ്ണം.

(ഡി) അവയിൽ 12 എണ്ണത്തിന് കൊമ്പുകൾ നഷ്ടപ്പെട്ട അവസ്ഥയിലായിരുന്നു.

(ഇ) കേസ് എടുത്തിട്ടുണ്ട്.

(എഫ്) ഇക്കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ആകെ 36 കേസ്സുകൾ എടുത്തിട്ടുണ്ട്. ഇവയിൽ 21 കേസുകളിലായി ആകെ 86 പ്രതികളെ അറസ്റ്റു ചെയ്യുകയുണ്ടായി. 15 കേസ്സുകളിൽ അന്വേഷണം നടന്നു വരുന്നു. പ്രതികളെ കണ്ടെത്തിയിട്ടില്ല.

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം

127 (1926) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിക്കും വസ്തുവകകൾക്കും നഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം ഇപ്പോഴും നൽകാറുണ്ടോ ;

(ബി) വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നു ;

(സി) വടക്കേ വയനാട് നിയോജക മണ്ഡലത്തിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷിയും വസ്തുവകകളും നഷ്ടം സംഭവിച്ചവർക്കും വന്യ മൃഗങ്ങളുടെ ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കുമായി എത്രപേർക്ക് നഷ്ടപരിഹാരം ലഭിക്കാനുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി ഏതുഘട്ടം വരെയായി ;

(ഇ) അവർക്ക് എന്നത്തേക്ക് പ്രസ്തുത നഷ്ടപരിഹാരം നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1980-ലെ കേരള റൂൾ ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്റ്റിംഗ് ആക്ട് വൈൽഡ് ആനിമൽസ് വ്യവസ്ഥകൾ അനുസരിച്ച് വനത്തിൽ താമസിക്കുന്ന കർഷകരുടെ വിളകൾക്ക് വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന ആക്രമണത്തിൽ നഷ്ടമുണ്ടാകുന്ന പക്ഷം ധനസഹായം നൽകുന്നതിന് വ്യവസ്ഥയുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് കൃഷിനാശത്തിന് നൽകാനുള്ള ധനസഹായം പരാമവധി 10000 രൂപയോ നഷ്ടത്തിന്റെ 75% മോ ആണ്. വന്യജീവി സംരക്ഷണ നിയമത്തിലെ 1-ാം പട്ടികയിലും 2-ാം പട്ടികയുടെ 2-ാം പിരിവിലുമുള്ള മൃഗങ്ങൾ കാരണമുണ്ടാവുന്ന നാശനഷ്ടങ്ങൾക്കു മാത്രമാണ് ധനസഹായം നൽകാൻ വ്യവസ്ഥയുള്ളത്. ടി ചട്ടങ്ങൾ അനുസരിച്ച് വന്യജീവികൾ കാരണം കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകി വരുന്നു. കൂടാതെ, വന്യ മൃഗങ്ങളുടെ ആക്രമണം കാരണം മരിച്ചവരുടെ ആശ്രിതർക്ക് 20000 രൂപ നൽകുവാനും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റവർക്ക് 10000 രൂപ നൽകാനും വ്യവസ്ഥയുണ്ട്. വന്യമൃഗസംരക്ഷണ മേഖല 5 കി. മീ. പരിധിയിൽ താമസിക്കുന്നവർക്ക് വന്യജീവി ശല്യംമൂലമുണ്ടാകുന്ന വിളനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനുള്ള വിള ഇൻഷ്വറൻസ് നയത്തിൽ ഭേദഗതികൾ വരുത്തുന്നകാര്യം കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(സി) വയനാട് നിയോജകമണ്ഡലത്തിൽ കൃഷിനാശം സംഭവിച്ച ഇനത്തിൽ 76 കേസ്സുകളും വീടിന് കോട്ടം സംഭവിച്ച ഇനത്തിൽ ഒരു കേസ്സും വന്യമൃഗങ്ങളുടെ ആക്രമണത്തിൽ പരിക്കേറ്റ രണ്ടു കേസ്സും വളർത്തുമൃഗങ്ങളെ ആക്രമിച്ചുകൊന്ന ഇനത്തിൽ നാലുകേസ്സിനും നഷ്ടപരിഹാരം നൽകാനുണ്ട്. ഇതിൽ 34 കേസ്സുകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഡി) 2001-ലെ മുഴുവൻ കേസ്സുകൾക്കും 2002-ലെ 76 കേസ്സുകളിൽ 34 എണ്ണത്തിനും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ഇ) ഈ വർഷത്തെ പദ്ധതി വിഹിതവും കേന്ദ്ര ധനസഹായവും അവയ്ക്കുള്ള എൽ. സി. യും കിട്ടുന്നമുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly